**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4468 25/06/2019-ൽ മറുപടിയ്ക്ക്

## സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സർക്കാർ/എയ്ഡഡ് മേഖലകളിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തത് മൂലം എത്ര കോടി രൂപയാണ് ട്രഷറി അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന്റെ ഘട്ടംഘട്ടമായിട്ടുള്ള പുരോഗതി വിലയിരുത്തി, നിർവ്വഹണ ഏജൻസി ബില്ലുകൾ നൽകുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. സാമ്പത്തിക വർഷം അവസാനിച്ചാലും 'ഇ-ലഡ്ജർ' സംവിധാനം മുഖേന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനുള്ള തുക അനുവദിച്ച് നൽകുന്നുണ്ട്. മറ്റു ഫണ്ടുകളെല്ലാം സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടെ ലാപ്സാകുന്നതുമാണ്. |
| (ബി) വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടും അക്കൗണ്ടിലുള്ള പണം പിൻവലിക്കാനോ വിനിയോഗിക്കാനോ തയ്യാറാകാത്ത പ്രഥമാധ്യാപകർക്കെതിരെ എപ്രകാരമുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) രേഖാമൂലം പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ നടത്തി സുസ്ഥിതി സാക്ഷ്യപത്രം സ്കൂൾ തുറക്കുന്നതിന് മുമ്പ് പ്രഥമാദ്ധ്യാപകർ സമർപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്ത എത്ര പ്രഥമാദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട് |

Poems

സെക്ഷൻ ഓഫീസർ